പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2072

13.06.2019-ൽ മറുപടിയ്ക്ക്

**സി.റ്റി. സിമുലേറ്റർ സ്ഥാപിച്ചതിലെ ക്രമക്കേട്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അൻവർ സാദത്ത്** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതശിശു വികസനവും വകുപ്പുമന്ത്രി)** |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ റേഡിയോ തെറാപ്പി വിഭാഗത്തിലേക്ക് ഏകദേശം നാലു കോടി രൂപ മുടക്കി 2017-ൽ വാങ്ങി സ്ഥാപിച്ച സി.റ്റി. സിമുലേറ്റർ രണ്ടു വർഷത്തോളം പ്രവർത്തനക്ഷമമാകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അടുത്തിടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത മെഷീന്റെ സുഗമമായ പ്രവൃത്തി നോക്കാതെ പൂർണ്ണമായി സ്ഥാപിച്ചു കഴിഞ്ഞു എന്ന് കാണിച്ച് റേഡിയോ തെറാപ്പി വിഭാഗം മേധാവി നൽകിയ ഇൻസ്റ്റലേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെഷീൻ വിലയുടെ ബാക്കി തുക (രണ്ടാം ഗഡു) ഏകദേശം 95 ലക്ഷം രൂപയോളം ഫിലിപ്സ് കമ്പനിക്ക് രണ്ടു വർഷം മുമ്പ് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 28/09/2017-ൽ രണ്ടാം ഗഡുവായ 94,63,688/- രൂപ M/s ഫിലിപ്സ് കമ്പനിക്ക് നൽകിട്ടുണ്ട്. സർക്കാർ അനുമതി പ്രകാരം എൽ.സി കണ്ടീഷൻ അനുസരിച്ച് ആദ്യ ഗഡുവായ 65% ഷിപ്പ്മെന്റ് ഡോക്കു മെന്റ്സും ഇൻവോയ്സും കമ്പനി ബാങ്കിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലും രണ്ടാമത്തെ ഗഡുവായ 25% കൺസൈൻ മെന്റ് ഡിപ്പാർട്ട്മെന്റിൽ ലഭ്യമായ മുറയ്ക്കും ആണ് കമ്പനിക്ക് കൈമാറിയിട്ടുള്ളത്. |
| (സി) | ഇങ്ങനെ വ്യാജ സർട്ടിഫിക്കറ്റ് നൽകുകയും അതുവഴി സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുകയും ചെയ്ത വകുപ്പ് മേധാവിക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | പ്രസ്തുത വിഷയം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രിൻസിപ്പാൾ തലത്തിൽ വകുപ്പ് മേധാവിയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും അതോടൊപ്പം പ്രിൻസിപ്പാൾ തലത്തിൽ വിശദമായ അന്വേഷണ റിപ്പോർട്ട് |

| | | | |
|---|---|---|---|
| (ഡി) | കമ്പനിക്ക് രണ്ടാം ഗഡു നൽകി രണ്ട് വർഷങ്ങൾക്ക് ശേഷവും മെഷീൻ സ്ഥാപിച്ചിട്ടില്ല എന്ന് വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്ത വിവരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ ; | | തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ഫിനാൻസ് ഓഫീസർ, പാരിപ്പള്ളി മെഡിക്കൽ കോളേജിലെ അക്കൗണ്ട്സ് ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി വകുപ്പുതല അന്വേഷണം നടത്തുന്നുണ്ട്. |
| (ഇ) | വ്യാജ സർട്ടിഫിക്കറ്റ് നൽകി അധികൃതരെ തെറ്റിധരിപ്പിച്ച് ധനദുർവിനിയോഗം നടത്തിയവർക്കെതിരെ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ടോ; | (ഇ) & (എഫ്) | വകുപ്പുതല അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഈ ക്രമക്കേടിനെക്കുറിച്ച് പത്രവാർത്ത വന്നതിനു ശേഷം മെഷീൻ പ്രവർത്തനസജ്ജമാക്കിയെങ്കിലും ഇതിന്റെ പിന്നിൽ നടത്തിയ ധനദുർവിനിയോഗത്തിനും പലിശയിനത്തിലുണ്ടായ സാമ്പത്തിക നഷ്ടത്തിനും പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് സമയബന്ധിതമായി കിട്ടേണ്ടിയിരുന്ന ചികിത്സ കിട്ടാതിരുന്നതിനുമെതിരെ എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ